## പതിന്നാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**<u>നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 246 10.12.2018 ൽ മറുപടിക്ക്</u>**

**<u>റോഡുകളുടെ ദയനീയാവസ്ഥയിന്മേൽ കോടതി വിമർശനം</u>**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം. വിൻസെന്റ്<br>ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ശ്രീ.അനൂപ് ജേക്കബ്<br>ശ്രീ.സണ്ണി ജോസഫ് | ശ്രീ. ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) റോഡുകളുടെ ദയനീയാവസ്ഥയെ കേരള ഹൈക്കോടതി വിമർശിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) കാക്കനാട് - പാലാരിവട്ടം സിവിൽ ലൈൻ റോഡിന്റെ അവസ്ഥ സംബന്ധിച്ച് ബഹു. ഹൈക്കോടതി WP(C) No.34941/2018 26.10.2018 ലെ ഉത്തരവിൽ പരാമർശിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) റോഡുകളുടെ ദയനീയാവസ്ഥയിന്മേൽ ഹൈക്കോടതി സ്വമേധയാ കേസ് എടുത്തത് ഗൗരവത്തോടെ കാണുന്നുണ്ടോ;<br><br>സി) പ്രസ്തുത വിമർശനത്തിന്റെ പശ്ചാത്തലത്തിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വിശദമാക്കാമോ? | ബി) & സി) കാക്കനാട് - പാലാരിവട്ടം സിവിൽ ലൈൻ റോഡിന്റെ അവസ്ഥ സംബന്ധിച്ച് ഹൈക്കോടതി പരാമർശം ഗൗരവത്തോടെ കാണുന്നു. ബഹു. ഹൈക്കോടതി പരാമർശം ഉണ്ടാകുന്നതിനു മുമ്പ് തന്നെ ബഹു. പൊതുമരാമത്ത് വകുപ്പ് മന്ത്രി 26.10.2018 ന് ഈ റോഡിന്റെ അവസ്ഥ നേരിൽ കാണുന്നതിനും ഉദ്യോഗസ്ഥരുടെ അവലോകനയോഗം സ്ഥലം എം.എൽ.എയുടെ സാന്നിദ്ധ്യത്തിൽ ചേരുന്നതിനും തീരുമാനിച്ചിരുന്നു. പ്രസ്തുത യോഗത്തിൽ ഈ വിഷയം വിശദമായി വിലയിരുത്തുകയും ചെയ്തു. ബഹു. ഹൈക്കോടതിയിൽ നിന്നുള്ള പരാമർശം സംബന്ധിച്ച വിഷയത്തിന്റെ വിശദീകരണം ഉദ്യോഗസ്ഥരോട് ആരായുകയും ചെയ്തു. ഈ റോഡ് ബി.സി ചെയ്ത് നല്ല നിലയിൽ പണി 2015 ജൂൺ 29-ന് പൂർത്തീകരിച്ചിരുന്നതാണെന്നും തുടർന്ന് അദാനി ഗ്രൂപ്പ് ഗ്യാസ് പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് വേണ്ടിയും വാട്ടർ അതോറിറ്റി പൈപ്പ് ലൈൻ |

സ്ഥാപിക്കുന്നതിന് വേണ്ടിയും, കെ.എസ്.ഇ.ബി 220 K ഭൂഗർഭ കേബിൾ സ്ഥാപിക്കുന്നതിന് വേണ്ടിയും ചെയ്ത പ്രവൃത്തികളാണ് നല്ല നിലയിൽ ഉണ്ടായിരുന്ന റോഡ് പൊട്ടിപ്പൊളിയേണ്ട സാഹചര്യം ഉണ്ടാക്കിയതെന്ന് വിലയിരുത്തിയിട്ടുണ്ട്. കൂടാതെ 2018 ജൂലൈ - ആഗസ്റ്റ് മാസങ്ങളിലുണ്ടായ അതിവർഷവും, പ്രളയവും മൂലം റോഡുകൾക്ക് സാരമായ കേടുപാടുകൾ സംഭവിച്ചു. ഹൈക്കോടതി പരാമർശിച്ച പ്രസ്തുത റോഡിന്റെ ഉപരിതലം പുതുക്കുന്നതിനായി ബഹു. തൃക്കാക്കര എം.എൽ.എയുടെ ആസ്തി വികസന ഫണ്ടിൽ നിന്നും ജില്ലാകളക്ടറുടെ ഉത്തരവ് **ആർ.ഡി.3-1431/2017, തീയതി 05/03/2018** പ്രകാരം 4 കോടി രൂപയ്ക്ക് ഭരണാനുമതി ലഭിച്ചിരുന്നു. എന്നാൽ **26/06/2018** ലെ എം.എൽ.എയുടെ കത്ത് പ്രകാരം പ്രസ്തുത ഭരണാനുമതി റദ്ദ് ചെയ്യുകയുണ്ടായി. ഭരണാനുമതി റദ്ദ് ചെയ്ത ഈ നടപടിയും റോഡിന്റെ പുനരുദ്ധാരണത്തിന് കാലതാമസം നേരിടുന്നതിന് കാരണമായിട്ടുണ്ട്. പ്രസ്തുത യോഗത്തിൽ ടി വിഷയത്തിലെ നിജസ്ഥിതി ബഹു. കോടതിയെ ബോധ്യപ്പെടുത്തുന്നതിന് ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകുകയും ചെയ്തിരുന്നു. കൂടാതെ എറണാകുളം തൃക്കാക്കര മണ്ഡലത്തിൽ മൊത്തത്തിലുള്ള 104 കി.മീ പൊതുമരാമത്ത് റോഡിൽ 60 കി.മീ സഞ്ചാരയോഗ്യമാണെന്നും ബഡ്ജറ്റ് വർക്കിലുള്ള പ്രവൃത്തികൾ നടന്നുകൊണ്ടിരിക്കുന്ന 17 കി.മീ റോഡും റിപ്പയർ വർക്ക് നടന്നുകൊണ്ടിരിക്കുന്ന 23 കി.മീ റോഡും എത്രയും വേഗം പൂർത്തീകരിച്ച് സഞ്ചാരയോഗ്യമാക്കേണ്ടതാണെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് കർശന നിർദ്ദേശവും നൽകിയിരുന്നു. പ്രസ്തുത

കേസിൽ 24/11/2018-ൽ Statement of Facts കോടതിയിൽ സമർപ്പിക്കുകയും മഴമൂലവും പകൽ സമയം പ്രവൃത്തി നടത്തുന്നതിൽ പോലീസ് വകുപ്പിൽ നിന്നുള്ള എതിർപ്പും കാരണം പണി പൂർത്തീകരിക്കാൻ 6 ദിവസം കൂടി സമയം ആവശ്യപ്പെടുകയും ചെയ്തു. തുടർന്ന് 02/12/2018-ന് പണി പൂർത്തീകരിക്കുകയും 03/12/2018-ന് ഈ വിവരം ഹൈക്കോടതിയെ ധരിപ്പിച്ച് പ്രസ്തുത കേസ് നടപടികൾ

അവസാനിപ്പിക്കുന്നതിന് ചീഫ് എഞ്ചിനീയർ കോടതിയോട് അഭ്യർത്ഥിക്കുകയും ചെയ്തിട്ടുള്ളതാണ്.

ദേശീയപാത വിഭാഗത്തിന്റെ കീഴിലുള്ള എല്ലാ റോഡുകളും കുഴികൾ അടച്ച് സഞ്ചാരയോഗ്യമാക്കിയിട്ടുണ്ട്. പ്രളയത്തെ തുടർന്ന് സംസ്ഥാനത്തെ ഭൂരിഭാഗം റോഡുകൾക്കും തകർച്ച സംഭവിച്ചിരുന്നു. അടിയന്തരമായി തന്നെ അറ്റകുറ്റപ്പണികൾ നടത്തി റോഡുകൾ സഞ്ചാരയോഗ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ